സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സെൻട്രലൈസ്ഡ് പർച്ചേസിംഗ് സിസ്റ്റം

52 [1949] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിലുണ്ടായിരുന്ന സെൻട്രലൈസ്ഡ് പർച്ചേസിംഗ് സിസ്റ്റത്തിന് മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ സർക്കാരിന്റെയോ ബോർഡിന്റെയോ മുൻകൂർ അനുമതിയോടെ ആണോ മാറ്റം വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) സെൻട്രലൈസ്ഡ് പർച്ചേസിംഗ് ടെണ്ടറിലൂടെ വാങ്ങുന്ന സാധനങ്ങൾ ലോക്കലായി വാങ്ങാറുണ്ടോ ; എങ്കിൽ അത് ടെണ്ടർവഴിയാണോ വാങ്ങുന്നതെന്ന് പറയാമോ ;

(സി) സെൻട്രലൈസ്ഡ് പർച്ചേസിംഗ് സിസ്റ്റം പ്രകാരം ഹെഡ്ഓഫീസ് വഴി ടെണ്ടർ നടക്കുന്ന മാസങ്ങളിൽ റീജിയണൽ ഓഫീസുകളിൽ ടെണ്ടർ നടത്താറുണ്ടോ ; എങ്കിൽ ഏതുമാസം മുതൽ എന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ മാസങ്ങളിലും നടന്ന ടെണ്ടറുകളിൽ ഹെഡ്ഓഫീസിലും റീജിയണൽ ഓഫീസുകളിലും എത്രപേർ വീതം പങ്കെടുത്തു എന്നും അവർ ആരെല്ലാം ആണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബോർഡിന്റെ അനുമതിയോടെയാണ്.

(ബി) അത്യാവശ്യ ഘട്ടങ്ങളിൽ സ്റ്റോക്ക് ഔട്ട് ഒഴിവാക്കുന്നതിന് ലോക്കലായി വാങ്ങാറുണ്ട്. ടെണ്ടറിലെ നിരക്കിലോ അതിലും കുറച്ചോ വാങ്ങാൻ ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റിക്ക് അധികാരം കൊടുത്തിട്ടുണ്ട്.

(സി) ഉണ്ട്. 2004 നവംബർ മാസം മുതൽ.

(ഡി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സാധനങ്ങളുടെ മാർക്കറ്റ്

53 [1950] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാർക്കറ്റ് റേറ്റ് എന്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly